# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3086** **13.07.2015 ൽ മറുപടിക്ക്**

## വനം വകുപ്പിലെ താല്ക്കാലിക ജീവനക്കാരുടെ സ്ഥിരപ്പെടുത്തൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.അജിത് | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും,പരിസ്ഥിതിയും, ഗതാഗതവും,സിനിമയും വകുപ്പ മന്ത്രി) |
| (എ) | വനം വകുപ്പിൽ ജോലി ചെയ്തു വന്നിരുന്ന താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയതുമായി ബന്ധപ്പെട്ട് അർഹതപ്പെട്ട മറ്റേതെങ്കിലും ജീവനക്കാർക്ക് ജോലി ലഭിച്ചില്ല എന്ന പരാതി ഉയർന്നിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) | സ്ഥിരപ്പെടുത്തിയ താല്ക്കാലിക ജീവനക്കാർക്ക് വനംവകുപ്പ് നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത യോഗ്യത ഇല്ല എന്ന പരാതി ആർക്കെങ്കിലും എതിരെ ഉയർന്നിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ പ്രസ്തുത പരാതികളിൽ എന്തു നടപടികളാണ് വകുപ്പ് തലത്തിൽ സ്വീകരിച്ചിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ; | (ബി) പരാതികൾ ലഭിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ള ഓരോ വ്യക്തിയുടെയും യോഗ്യത സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം ആധികാരിക രേഖകൾ പരിശോധിച്ച് യോഗ്യരായവർക്ക് മാത്രം നിയമനം നൽകുന്നതിന് ബന്ധപ്പെട്ട നിയമനാധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പരാതികളിൻമേൽ വിശദമായ അന്വേഷണം നടത്തുവാൻ വനം വകുപ്പ് വിജിലൻസ് വിഭാഗത്തെ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഇരുപതും ഇരുപത്തിയഞ്ചും വർഷമായി വനം വകുപ്പിൽ താൽക്കാലിക ജോലിക്കാരായി തുടർന്നുവരുന്ന 56 വയസ്സ് പൂർത്തിയായിക്കഴിഞ്ഞ താല്ക്കാലിക ജീവനക്കാർക്ക് തങ്ങളുടെ ജീവിതാന്ത്യംവരെ ഒരു നിശ്ചിത തുക ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ വകുപ്പ് നടപടി സ്വീകരിക്കുമോ ? | (സി) പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ